## കോവിഡ്-19 പ്രതിരോധത്തിന് കുടുംബശ്രീയും-3

കൊറോണ വൈറസ് ബാധ പ്രതിരോധിക്കുന്നതിനായി കേന്ദ്രസംസ്ഥാന സർക്കാർ നടപ്പാക്കുന്ന എല്ലാവിധ പ്രവർത്തനങ്ങൾക്കും പൂർണ്ണ പിന്തുണ നൽകി മുന്നോട്ട് പോകുകയാണ് കുടുംബശ്രീ. മാർച്ച് മാസം പകുതിയോടെ തന്നെ കുടുംബശ്രീയുടെ സംഘടനാസംവിധാനത്തെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളെയും ഉപയോഗപ്പെടുത്തി വൈറസ് വ്യാപനം തടയുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ മറ്റ് പ്രത്യേക പ്രവർത്തനങ്ങളും സർക്കാരിന്റെ തീരുമാനങ്ങൾ അനുസരിച്ച് നൂതന ആശയങ്ങളും കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. സംസ്ഥാനതലത്തിൽ രൂപം നൽകി എല്ലാ ജില്ലാമിഷനുകൾക്കും നിർദ്ദേശം നൽകി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ കൂടാതെ ഓരോ ജില്ലകളും അതത് പ്രദേശത്തെ സാഹചര്യം അനുസരിച്ചും നിരവധി ആശയങ്ങൾ നടപ്പാക്കി വരുന്നു. ഏപ്രിൽ 16 വരെയുള്ള വിശദാംശങ്ങൾ അടിസ്ഥാനപ്പെടുത്തി, സംസ്ഥാനതലത്തിൽ കുടുംബശ്രീ നടപ്പാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്.

1. കേരളത്തിൽ ലോക്ക് ഡൗൺ ആരംഭിക്കുന്നതിന് മുൻപ് തന്നെ പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ വിളിച്ചുചേർത്ത് 'ബ്രേക്ക് ദ ചെയിൻ ക്യാമ്പയിന്റെ' പ്രധാന്യത്തെക്കുറിച്ചും ഏവരും പ്രത്യേകിച്ച് വയോജനങ്ങൾ കരുതലോടെയും ശ്രദ്ധയോടെ ഇരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും **43 ലക്ഷം കുടുംബങ്ങളിൽ ബോധവത്കരണം** നടത്തി. ബ്രേക്ക് ദ ചെയിൻ സന്ദേശത്തോടൊപ്പം തന്നെ വയോജനങ്ങൾ പ്രത്യേക കരുതലോടെ ഇരിക്കണമെന്ന എക്സിക്യൂട്ടീവ് ഡയറക്ടറുടെ സന്ദേശം കൂടി ഈ അയൽക്കൂട്ട യോഗങ്ങളിലൂടെ ജനങ്ങളിലേക്ക് എത്തിച്ചു.

2. ലോക്ക് ഡൗണിന് ശേഷം സർക്കാർ തീരുമാനങ്ങളും മറ്റ് പ്രധാന സന്ദേശങ്ങളും ജനങ്ങളിലേക്ക് നേരിട്ടെത്തിക്കാൻ അയൽക്കൂട്ട അംഗങ്ങളെ ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ആശയവിനിമയം നടത്തിവരുന്നു. **1.90 ലക്ഷത്തോളം ഗ്രൂപ്പുകൾ രൂപീകരിക്കുകയും അതിലായി ഇതുവരെ 22.5 ലക്ഷം** അയൽക്കൂട്ട അംഗങ്ങളെ ഉൾക്കൊള്ളിക്കുകയും ചെയ്തു കഴിഞ്ഞു.

3. അയൽക്കൂട്ട അംഗങ്ങൾക്ക് **പലിശരഹിത വായ്പ** ലഭ്യമാക്കാനുള്ള **മുഖ്യമന്ത്രിയുടെ സഹായഹസ്തം** വായ്പാ പദ്ധതി നടപ്പിലാക്കാനുള്ള **ഏകോപനം** നടത്തിവരുന്നു. അയൽക്കൂട്ടങ്ങളുടെ വായ്പയുടെ ആവശ്യകത **ഏപ്രിൽ 16** ഓടു കൂടി ലഭ്യമാകുമെന്നും **ഏപ്രിൽ 20** ഓടുകൂടി ബാങ്കുകളിലേക്ക് വായ്പ അപേക്ഷകൾ നൽകാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

4. വിപണിയിൽ **മാസ്കുകളുടെ ലഭ്യതക്കുറവ്** പരിഹരിക്കാൻ വേണ്ടി **306 തയ്യൽ യൂണിറ്റുകളുടെ** നേതൃത്വത്തിൽ ഏപ്രിൽ 16 വരെ **19.42 ലക്ഷം മാസ്കുകൾ** നിർമ്മിച്ചു. **4742 ലിറ്റർ സാനിറ്റൈസറും** കുടുംബശ്രീ സംരംഭ യൂണിറ്റുകൾ മുഖേന ഉത്പാദിപ്പിച്ചു. ഈ പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്നു. **സിവിൽ സപ്ലൈസിന്റെ ഭക്ഷ്യകിറ്റ്** തയ്യാറാക്കി വിതരണം നടത്തുന്നതിനായി **25 ലക്ഷം** തുണിസഞ്ചികൾ നിർമ്മിച്ച് നൽകുന്ന പ്രവർത്തനത്തിലേർപ്പെട്ടിരിക്കുകയാണ് **572 തയ്യൽ യൂണിറ്റുകൾ**. ഇതുവരെ **2.43 ലക്ഷം** സഞ്ചികൾ നിർമ്മിച്ച് നൽകി. ഇതോടൊപ്പം തന്നെ എല്ലാ ജില്ലകളിലും **കുടുംബശ്രീ വോളന്റിയർമാർ** ഭക്ഷ്യകിറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങളിൽ അതത് ജില്ലകളിലെ ആവശ്യാനുസരണം പങ്കെടുക്കുന്നു. **500ലധികം പേർ** പ്രതിദിനം ഈ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് 1229 കമ്മ്യൂണിറ്റി കിച്ചണുകൾ ഏപ്രിൽ 16ലെ കണക്ക് അനുസരിച്ച് പ്രവർത്തിച്ചു. **ഇതിൽ 898 കമ്മ്യൂണിറ്റി കിച്ചണുകൾ**

**കുടുംബശ്രീ അംഗങ്ങളെ** ഉൾപ്പെടുത്തി നടത്തുന്നവയാണ്. ഏപ്രിൽ 16 വരെയുള്ള കണക്ക് അനുസരിച്ച് **313 ജനകീയ ഹോട്ടലുകൾ** പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. **ചെക്ക്പോസ്റ്റുകൾക്ക് സമീപം ഭക്ഷണം** ലഭിക്കാനുള്ള ബുദ്ധിമുട്ടുണ്ടെന്ന അവസ്ഥ അറിഞ്ഞ സാഹചര്യത്തിൽ ഇത്തരത്തിലുള്ള **13 ഇടങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ ടേക്ക് എവേ കൗണ്ടറുകൾ** പ്രവർത്തിച്ചുവരുന്നു.

6. ഏപ്രിൽ 13 വരെയുള്ള കണക്ക് അനുസരിച്ച് കുടുംബശ്രീയുടെ **12,069 കൃഷിസംഘങ്ങൾ വിളവെടുത്ത 71,590 കിലോഗ്രാം പച്ചക്കറിയും പഴവർഗ്ഗങ്ങളും മറ്റ് കാർഷിക ഉത്പന്നങ്ങളും കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക്** സംഭാവനയായി നൽകി.

7. ഈ പ്രതിസന്ധികാലത്ത് ഏറ്റവും കൂടുതൽ കരുതൽ വേണ്ടവരാണ് **അഗതി കുടുംബങ്ങൾ**. കേരളത്തിൽ **വയോജനങ്ങൾ ഉൾപ്പെട്ട 1.44 ലക്ഷത്തോളം അഗതി കുടുംബങ്ങളെ 2176 റിസോഴ്സ് പേഴ്സൺമാരുടെ** സഹായത്തോടെ **ഫോൺ വഴി ബന്ധപ്പെട്ട്** അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി, വിവിധ സംയോജനങ്ങൾ വഴി സഹായങ്ങൾ ചെയ്ത് കൊടുത്തുവരുന്നു. **അഞ്ച് ദിവസത്തിലൊരിക്കൽ** ഇവരെ ബന്ധപ്പെടുകയും വിവരങ്ങൾ ആരായുകയും ചെയ്യുന്നു. **ഏപ്രിൽ 4 മുതൽ 8 വരെയുള്ള ആദ്യഘട്ടത്തിൽ 1.11 ലക്ഷം** കുടുംബങ്ങളെയും **ഏപ്രിൽ 9 മുതൽ 13 വരെയുള്ള രണ്ടാം ഘട്ടത്തിൽ 1.08 ലക്ഷം കുടുംബങ്ങളെയും** ഇത്തരത്തിൽ ബന്ധപ്പെട്ടു. 3223 പേർക്ക് അവശ്യമരുന്നുകളും **2549 പേർക്ക് ആരോഗ്യ സേവനങ്ങളും 3980 പേർക്ക് ഭക്ഷണവും ലഭ്യമാക്കാൻ കഴിഞ്ഞു.**

8. മറ്റ് അസുഖങ്ങളുള്ളതിനാലും രോഗ പ്രതിരോധശേഷി കുറയുന്നതിനാലും വയോജനങ്ങളിൽ കോവിഡ്19 രോഗം ഏറെ ബുദ്ധിമുട്ടുണ്ടാക്കുമെന്ന സാഹചര്യത്തിൽ **വയോജനങ്ങൾക്ക് കൂടുതൽ ശ്രദ്ധയും കരുതലും നൽകണമെന്ന രീതിയിലുള്ള ക്യാമ്പയിൻ** കുടുംബശ്രീ സംഘടിപ്പിച്ചു. ഇത് കൂടാതെ സർക്കാർ നിർദ്ദേശപ്രകാരം

ഹോം ക്വാറന്റൈനിലുള്ള കുടുംബങ്ങളിൽ **പ്രൈമറി കോൺടാക്ട് 60 വയസ്സിന്** മുകളിൽ പ്രായമുള്ളവരായ കുടുംബങ്ങളെ കണ്ടെത്തി അവർക്ക് പ്രത്യേക ബോധവത്കരണം നടത്തുന്നു. റിസോഴ്സ് പേഴ്സൺമാർ വഴി ഈ കുടുംബങ്ങളെ സ്ഥിരമായി ബന്ധപ്പെടുകയും അവർക്കുള്ള ആവശ്യങ്ങൾ നിറവേറ്റാൻ തദ്ദേശ സ്ഥാപനങ്ങളും ആരോഗ്യവകുപ്പുമായും സംയോജനങ്ങൾ നടത്തുന്നു. **783 റിസോഴ്സ് പേഴ്സൺമാർ വഴി ഏപ്രിൽ അഞ്ച് മുതൽ പ്രതിദിനം 4800ഓളം പേരെ ഇത്തരത്തിൽ ബന്ധപ്പെട്ടു.**

9. കുടുംബശ്രീയിൽ **360 കമ്മ്യൂണിറ്റി കൗൺസിലർ** മാരുണ്ട്. ആരോഗ്യവകുപ്പും ജില്ലാ ഭരണകൂടവുമായി ചേർന്ന് ഇവരുടെ നേതൃത്വത്തിൽ ആളുകൾക്ക് **കൗൺസിലിങ്ങും മാനസിക പിന്തുണയും** നൽകി വരുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. **മരുന്ന് ലഭ്യമാക്കൽ, ഭക്ഷണക്കിറ്റ് വിതരണം** എന്നിങ്ങനെ ജില്ലകളുടെ ആവശ്യമനുസരിച്ചും കമ്മ്യൂണിറ്റി കൗൺസിലർമാർ പ്രവർത്തിക്കുന്നു. കമ്മ്യൂണിറ്റി കൗൺസിലർമാർ, സ്നേഹിത ഉദ്യോഗസ്ഥർ എന്നിവർ വഴി **ഏപ്രിൽ ആറ് മുതൽ 11 വരെയുള്ള ആഴ്ചയിൽ ആകെ 26,598 പേർക്ക്** ആവശ്യമായ മാനസിക പിന്തുണയും കൗൺസിലിങ്ങും മറ്റ് സേവനങ്ങളും നൽകി.

10. പ്രതിസന്ധി കാലഘട്ടത്തിൽ സന്നദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കായി കേരള സർക്കാരിന്റെ **സന്നദ്ധസേന പോർട്ടലിലേക്ക്** കുടുംബശ്രീ അംഗങ്ങൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സഹായങ്ങളും ചെയ്ത് നൽകുന്നു. **ഇത്തരത്തിൽ 8360 കുടുംബശ്രീ അംഗങ്ങൾ** സന്നദ്ധസേന പോർട്ടലിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു.

പ്രാദേശികമായ ആവശ്യം പരിഗണിച്ച് ജില്ലകളിൽ നിരവധി പ്രവർത്തനങ്ങളും നടത്തിവരുന്നു. കോഴിക്കോട് ജില്ലയിൽ കോവിഡ് കെയർ സെന്ററുകളിലേക്ക്

ക്വാറന്റൈനിൽ കഴിയുന്നവർക്കുള്ള ഭക്ഷണം എത്തിച്ചു നൽകൽ, മലപ്പുറം ജില്ലയിൽ അവശ്യസാധനങ്ങൾ വീടുകളിലേക്ക് എത്തിച്ച് നൽകൽ, ആലപ്പുഴ ജില്ലയുടെ ഫ്ളോട്ടിങ് മാർക്കറ്റ്, പച്ചക്കറികൾ വീട്ടുപടിക്കലെത്തിച്ച് നൽകുന്നതിന് തിരുവനന്തപുരം ജില്ലയുടെ പച്ചക്കറിവണ്ടി, ഡോക്ടറുടെ സേവനം വീടുകളിലേക്ക് എത്തിച്ച് കണ്ണൂർ നടത്തുന്ന ഡോക്ടർ അറ്റ് ഹോം, സർക്കാർ ആശുപത്രികളിലേക്ക് ഗൗണുകൾ തയ്യാറാക്കി നൽകി വയനാട്, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റ് നൽകി പത്തനംതിട്ട എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ ഇവയിൽ ഉൾപ്പെടും. ഇത് കൂടാതെ കോട്ടയം, എറണാകുളം, തൃശ്ശൂർ തുടങ്ങിയ ഭൂരിഭാഗം ജില്ലകളും ലോക്ക് ഡൗൺ കാലയളവ് ഫലപ്രദമായി വിനിയോഗിക്കുന്നതിനും മാനസികോല്ലാസമേകുന്നതിനും അയൽക്കൂട്ട അംഗങ്ങൾക്കും ബാലസഭ, ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്കുമായി സംഘടിപ്പിക്കുന്ന വിവിധ മത്സരങ്ങൾ (പാട്ട്, ചിത്രരചന, കഥ, കവിതാരചന, പച്ചക്കറി കൃഷി, പാചകം ഇങ്ങനെ നീളുന്ന മത്സരങ്ങൾ) എന്നിവയും നടന്നുവരുന്നു.